**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 781** **26-07-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ജി.ഒ. (ആർ.റ്റി) നം. 5503/2018/ജി.ഇ.ഡി.എൻ. പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് ഒരു കോടി രൂപവീതം ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഗവ. ജി.എച്ച്.എസ് . ധനുവച്ചപുരം എന്ന സ്കൂൾ നവീകരിക്കുന്നതിനുള്ള തുടർനടപടികളിൽ നിന്നും ഒഴിവാക്കാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31.12.2018-ലെ സ.ഉ (സാ.ധാ)നം.5503/2018/പൊ.വി.വ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത 444 സ്കൂളുകളുടെ വിശദമായ പരിശോധനയിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും ഇതിലെ 5 സ്കൂളുകൾ ഒഴിവാക്കിയപ്പോഴാണ് ഗവൺമെന്റ് ജി.എച്ച്.എസ്.ധനുവച്ചപുരം ഒഴിവാക്കപ്പെട്ടത്. |
| (ബി) | ഉദ്യോഗസ്ഥർക്ക് സംഭവിച്ച സാങ്കേതിക പിഴവ് കാരണം പുതുക്കിയ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതും അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നതുമായ ധനുവച്ചപുരം ഗവ. ഗേൾസ് ഹൈസ്കൂളിനെ പ്രസ്തുത പട്ടികയിൽ തിരികെ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്കൂളുകളുടെ അന്തിമ പട്ടിക തയ്യാറാക്കി കഴിഞ്ഞതിനാൽ, പ്രസ്തുത പട്ടികയിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ് ധനുവച്ചപുരത്തെ ഉൾപ്പെടുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (സി) | പ്രസ്തുത ഉത്തരവ് പരിഷ്ക്കരിച്ച് 17/08/2019-ലെ സ.ഉ(സാ.ധാ)നം.3302/2019/പൊ.വി.വ പ്രകാരം 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ് മൈലച്ചൽ സ്കൂളിന്റെ എസ്റ്റി മേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിയ്ക്കായി എൽ.എസ്.ജി.ഡി യിൽ സമർപ്പിച്ചു. ഗവൺമെന്റ് എച്ച്.എസ്.എസ് കീഴാറ്റൂർ - നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ് ആനാവൂർ, എം.കെ.എൻ.ജി.എച്ച്.എസ്.എസ് ധനുവച്ചപുരം എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പാറശ്ശാല മണ്ഡലത്തിൽ 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച പാറശ്ശാല ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (ഡി) | പാറശ്ശാല ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ